LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ മുഖേന, തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി പരിശീലനം നടത്തി പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളിലും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖേന അതാത് സ്കൂളുകളിലെ ബയോളജി ടീച്ചർ കൺവീനറായി രൂപീകരിച്ച ഹെൽത്ത് ക്ലബ്ബുകൾ വഴി സ്ഥാപനത്തിലും മറ്റ് പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവത്ക്കരണ ക്ലാസ്സുകളും ശുചിത്വ പരിപാടികളും നടത്തുക എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കുടുംബശ്രീ, ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നിർവ്വഹിക്കുന്നത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഹെൽത്ത് ക്ലബ്ബുകൾ അതാത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതാണ്. പ്രസ്തുത ഹെൽത്ത് ക്ലബ്ബുകളിൽ സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ചെയർമാനും, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഉപദേശകനും, തിരുമല പഞ്ചായത്തിലെ അംഗങ്ങൾ, പി.റ്റി.എ. പ്രതിനിധി, ഒരു സാമൂഹ്യ പ്രവർത്തകൻ, സ്കൂൾ ലീഡർ, ഒരു അദ്ധ്യാപകൻ എന്നിവർ അംഗങ്ങളും ആയിരിക്കുന്നതാണ്.

(ഇ) 2013-14 അദ്ധ്യയന വർഷാരംഭം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി

302 (2540) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും വികസന പ്രവർത്തനങ്ങളിലൂടെയും കോളനികളുടെ സമഗ്രവികസനം നടപ്പാക്കി കോളനി നിവാസികളായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ടം നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുന്നു.

(ഡി) 2013-14 വർഷത്തെ തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളിൽ ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി നടപ്പാക്കൽ അവസാന ഘട്ടത്തിലാണ്. 2014-15 വർഷം ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്ത 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

303 (2541) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹൗസിംഗ് വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?